UNIVERSITY OF CALICUT
SCHOOL OF DISTANCE EUDCATION

B.Com/BBA
(I Semester)

മലയാള സാഹിത്യ പഠനം–1
Common Course : MALIA0702
MCQ AND ANSWERS

ചോദ്യോത്തരങ്ങൾ തയ്യാറാക്കിയത്

ഡോ.രാജുക്കുട്ടൻ പി.ജി.
അസി. പ്രൊഫസർ
വിദൂരവിദ്യാഭ്യാസ വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2019 Admission

onwards

B.Com/BBA I Semester

മലയാളസാഹിത്യ പഠനം-1

1. 'സൗന്ദര്യനിരീക്ഷണം' എന്ന കൃതി എഴുതിയ വർഷം?

   A. 1967 B. 1977 C. 1988 D. 2010

2. 'സൗന്ദര്യനിരീക്ഷണം' ആരുടെ കൃതി?

   A. കുട്ടികൃഷ്ണമാരാർ B. സി.ജെ.തോമസ്

   C. എം.പി.പോൾ D. സുകുമാർ അഴീക്കോട്

3. ആത്മപ്രതീതവാദമനുസരിച്ച് സൗന്ദര്യം വസ്തുക്കളുടെ എന്താണ്?

   A. ഒരു ഗുണമാണ് B. ഒരു ഗുണമല്ല C. ഒരു ദോഷമാണ് D. ഒരു ദോഷമല്ല

4. ഏറ്റവും അധികം ജനങ്ങളിൽ ഏറ്റവുമധികം ആനന്ദമുളവാക്കുന്ന കലാവസ്തു ഏതാണ്?

   A. ഏറ്റവും സുന്ദരമായത് B. ഏറ്റവും അനശ്വരമായത്

   C. ഏറ്റവും അസുന്ദരമായത് D. ഏറ്റവും നശ്വരമായത്

5. സൗന്ദര്യത്തിന്റെ ഉപാധികൾ മനസ്സാകുന്ന അഭ്യന്തരലോകത്തിൽ അന്വേഷിച്ചാൽ പല വിഷമതകളും നേരിടേണ്ടിവരും എന്നു പറഞ്ഞ ചിന്തകൻ?

   A. അരിസ്റ്റോട്ടിൽ B. പ്ലാറ്റോ C. ജോഡ് D. ബർണാഡ്ഷാ

6. ഭൗതികമായ ഗുണങ്ങളെ ആധാരമാക്കി സൗന്ദര്യനിർണ്ണയം നടത്താൻ തയ്യാറായ കലാ രാഷ്ട്രീയ ചിന്തകനാണ്?

   A. ബർക്ക് B. റസ്സൽ C. മാത്യു ആർണോൾഡ് D. ഷെല്ലി

7. രമണീയമായ വസ്തു ബർക്കിന്റെ സിദ്ധാന്തമനുസരിച്ച് എങ്ങനെയുള്ളതായിരിക്കും?

   A. വലുത് B. ചെറുത് C. ഇടത്തരം D. വളരെ വലുത്

8. ഈജിപ്ത്തിലെ സ്തൂപങ്ങൾ എങ്ങനെയുള്ളതാണ്?

   A. രമണീയം B. കല്പിതം C. മഹനീയം D. സുന്ദരം

9. 'നിന്റെ ആവശ്യം എന്റേതിനേക്കാൾ വലിയതാണ്' ഇത് ആരുടെ പ്രഖ്യാതമായ ചരമ വാക്യം?

   A. ഷെല്ലി B. കീറ്റ്സ് C. റൂസ്സോ D. സർ. ഫിലിപ്പ്സിഡ്നി

10. യവന ചിന്തയിൽ നന്മയും സൗന്ദര്യവും മാത്രമല്ല _____ വും ഒന്നുതന്നെയാണെന്നാണ് ഭാവന?

A. സത്യം B. ജ്ഞാനം C. ശിവം D. ശ്രേഷ്ഠം

11. കീറ്റ്സ് തന്റെ സിദ്ധാന്തത്തിൽ സൗന്ദര്യവും _____ വും ഒന്നാണെന്ന് വ്യക്തമാക്കുന്നുണ്ട്?

A. സത്യം B. ജ്ഞാനം C. ശ്രേഷ്ഠം D. ശിവം

12. എസ്.ഗുപ്തൻനായർ സ്വാതിയുടെ സന്നിധിയിലെത്തിച്ചേർന്നത് ഏത് നഗരത്തിലാണ്?

A. കോട്ടയം B. കൊല്ലം C. തിരുവനന്തപുരം D. മലപ്പുറം

13. ഗർഭശ്രീമാനെന്നു പുകൾപെറ്റ രാജാവ് ആരായിരുന്നു?

A. കേരളവർമ്മ B. ഉത്രം തിരുനാൾ C. മാർത്താണ്ഡവർമ്മ D. സ്വാതിതിരുനാൾ

14. 'ആ കലാകാരൻ വെറുമൊരു മഹാരാജാവ് മാത്രമല്ല ധീരനായ ഒരു ദേശാഭിമാനികൂടിയാണെന്നെനിക്കു മനസ്സിലായി' ആരെക്കുറിച്ചാണ് പ്രബന്ധകാരൻ ഇങ്ങനെ പറഞ്ഞത്?

A. മാർത്താണ്ഡവർമ്മ B. സ്വാതിതിരുനാൾ

C. ശക്തൻതമ്പുരാൻ D. ധർമ്മരാജാവ്

15. സ്വാതിതിരുനാളിന്റെ സമകാലികനായ സംഗീതജ്ഞൻ ആര്?

A. മുത്തുസ്വാമി ദീക്ഷിതർ B. ഇളയരാജ C. ചെമ്പൈ D. മണിവർണ്ണൻ

16. സംഗീതസിദ്ധികൊണ്ട് മുക്തിയുടെ മണിഗോപുരത്തിലെത്തിയതാര്?

A. സ്വാതിതിരുനാൾ B. ശ്യാമശാസ്ത്രികൾ C. ത്യാഗരാജസ്വാമി D. ത്യാഗയ്യ

17. ഉത്സവപ്രബന്ധം ആരുടെ കൃതി?

A. ഇരയിമ്മൻതമ്പി B. കരീന്ദ്രൻ

C. സ്വാതിതിരുനാൾ D. മുത്തുസ്വാമി ദീക്ഷിതർ

18. കൊടികെട്ടിയ തമ്പുരുവുമായി ഏറെ സ്ഥലങ്ങൾ സഞ്ചരിച്ച സംഗീതജ്ഞൻ?

A. ത്യാഗയ്യ B. ഗോവിന്ദമാരാർ C. മേരുസ്വാമി D. സ്വാതിതിരുനാൾ

19. ആരുടെ വയലിൻസംഗീതം കേട്ടാണ് പ്രബന്ധകാരൻനിന്നുപോയത്?

A. വടിവേലു B. രാമവർമ്മ C. മുത്തുസ്വാമിദീക്ഷിതർ D. ഗോവിന്ദമാരാർ

20. എം.എൻ.വിജയൻ ജനിച്ച വർഷം?

A. 1948 B. 1929 C. 1960 D. 1930

21. നിരൂപകൻ അശക്തനാകുന്നത് ഇന്ത്യൻ സാഹിത്യകാരന്റെ _____ ആണ്?

A. സുരക്ഷിതാവസ്ഥ B. ശോചനീയാവസ്ഥ

C. ദയനീയാവസ്ഥ D. സുവർണ്ണാവസ്ഥ

22. കേരളത്തിലെ സാംസ്കാരികസ്ഥാപനങ്ങൾക്ക് പ്രശസ്തരായ പ്രതിഭാശാലികളെയെല്ലാം എന്തുചെയ്യാനുള്ള വികാസമുണ്ടായി എന്നാണ് എം.എൻ.വിജയൻ പറയുന്നത്?

A. ബുദ്ധിജീവികളാക്കാനുള്ള B. നിരായുധരാക്കാനുള്ള

C. ആക്ടിവിസ്റ്റുകളാക്കാനുള്ള D. പ്രതിഭകളാക്കാനുള്ള

23. കവികൾക്കും നിരൂപകർക്കും കലാശാലകളിലും അക്കാദമികളിലും പത്രസ്ഥാപനങ്ങളിലും എന്തിനുള്ള സ്വാതന്ത്ര്യമുണ്ടെന്നാണ് എം.എൻ.വിജയൻ പറയുന്നത്?

A. ബന്ധനസ്ഥനാവാനുള്ള B. സ്വതന്ത്രനാവാനുള്ള

C. സമ്മാനിതനാവാനുള്ള D. പുരസ്കാരം നേടാനുള്ള

24. അംഗീകൃതമായതിനെ മാത്രം ബഹുമാനിക്കുന്ന സ്ഥാപനങ്ങൾക്ക് എന്തിനു സാധിക്കില്ലെന്നാണ് ലേഖകന്റെ അഭിപ്രായം?

A. സജീവ സാഹിത്യം പഠനവിഷയമാക്കാൻ

B. സമൂഹപ്രശ്നങ്ങളെ പഠനവിഷയമാക്കാൻ

C. രാഷ്ട്രീയപ്രശ്നങ്ങളെ പഠനവിഷയമാക്കാൻ

D. പരിസ്ഥിതിപ്രശ്നങ്ങളെ പഠനവിഷയമാക്കാൻ

25. ഇക്കാലത്ത് എഴുത്തുകാരന്റെ വലിയ സ്വപ്നം എന്താണ് എന്നാണ് എം.എൻ.വിജയന്റെ അഭിപ്രായം?

A. പഠനം

B. പ്രശസ്തി

C. ബഹുമതികൾ

D. പ്രശസ്തിപത്രത്തിലെ ചതുരശ്രശാദിയായ വാക്യങ്ങൾ

26. സാഹിത്യത്തിലും കലയിലും ഭേദിക്കാൻ കഴിയാത്ത വന്മതിലായി നിൽക്കുന്നതെന്ത്?

A. അവാർഡുശൃംഖല B. ബഹുമതികളുടെ ശൃംഖല

C. സമ്മാനശൃംഖല D. പ്രശസ്തിയുടെ ശൃംഖല

27. അവാർഡുസമിതികൾ എന്ന ജീവിതവിപത്ത് ദീർഘദർശനം ചെയ്ത പണ്ഡിതൻ ആരായിരുന്നു?

A. സുകുമാർ അഴീക്കോട് B. കേസരി ബാലകൃഷ്ണപ്പിള്ള

C. എം.കെ.സാനു D. എം.എൻ.വിജയൻ

28. നിരൂപകരില്ലാത്ത ഷണ്ഡത്വത്തിലേക്ക് എത്തിയ സാഹിത്യരൂപമേതാണ്?

A. കവിത B. കഥ C. നോവൽ D. നോവലൈറ്റ്

29. സാഹിത്യലോകത്ത് എഴുത്തുകാരൻ അടിമയായിമാറുന്നതിനു കാരണമെന്താണെന്നാണ് എ.എൻ.വിജയൻ പറയുന്നത്?

A. പ്രശസ്തി B. പണം C. അവാർഡുകൾ D. അവാർഡുകമ്മറ്റികൾ

30. മതമൈത്രി സമ്മേളനങ്ങളുടെ സ്ഥിരം പരിപാടി എന്താണെന്നാണ് സുകുമാർ അഴീക്കോട് പറയുന്നത്?

A. പ്രാർത്ഥനാസംഗമം നടത്തുക B. ബോധവത്ക്കരണം നടത്തുക

C. മതങ്ങളെക്കുറിച്ചു ചർച്ച ചെയ്യുക D. മതപണ്ഡിതന്മാരെ വിളിച്ചു പ്രസംഗിക്കുക

31. മതപ്രസംഗങ്ങൾകൊണ്ട് മതസൗഹാർദ്ദം ഉറപ്പായെന്ന് കരുതാൻ കാരണമെന്ത്?

A. അന്യമതക്കാർ കൂവാത്തതുകൊണ്ട്

B. സ്വന്തം മതക്കാർ കൂവാത്തതുകൊണ്ട്

C. സമൂഹത്തിൽ പ്രശ്നങ്ങൾ ഇല്ലാത്തതുകൊണ്ട്

D. മതകലഹങ്ങൾ കുറഞ്ഞുവരുന്നതുകൊണ്ട്

32. അനുയായികൾക്കു മുന്നിൽ കയ്യില്ലാത്തവരെപ്പോലെ ഗോഷ്ടികാണിക്കുന്നതാര്?

A. രാഷ്ട്രീയ നേതാക്കൾ B. മതനേതാക്കൾ

C. വിദ്യാർത്ഥിനേതാക്കൾ D. തൊഴിലാളിനേതാക്കൾ

33. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് 1923-ൽ ശ്രീനാരായണഗുരു ആരോടാണ് പറഞ്ഞത്?

A. അയ്യൻകാളി B. കുമാരനാശാൻ C. സഹോദരൻ അയ്യപ്പൻ D. ഡോ.പൽപ്പു

34. _____-ൽ എത്തിയവർക്കു മാത്രമേ മതഭേദചിന്തയിൽനിന്ന് രക്ഷയുള്ളൂ?

A. ആത്മപീഡാവസ്ഥയിൽ B. ദുരവസ്ഥയിൽ

C. ബോധോദയാവസ്ഥയിൽ D. അദ്വൈതാവസ്ഥയിൽ

35. ചീത്തമതം മതമല്ല, മതത്തെപ്പോലെ കരുതപ്പെടുന്ന _____ ആണ്?

A. മതഭക്തിയാണ് B. മതാഭാസമാണ് C. മതവികാരമാണ് D. മതസ്തുതിയാണ്

36. നല്ലമതം എപ്പോഴും എന്തിന്റെ മുകളിലായിരിക്കും സ്ഥിതിചെയ്യുക എന്നാണ് അഴീക്കോട് പറയുന്നത്?

A. മഹാസത്യത്തിന്റെ B. മഹാനായ പ്രവാചകന്റെ

C. മഹാമിത്തുകളുടെ D. മഹത്തായ സാഹോദര്യത്തിന്റെ

37. ഓരോ മതത്തിന്റേയും അടിയിൽ നിഗൂഢമായിക്കിടക്കുന്ന യഥാർത്ഥമതത്തെ പുറത്തു കൊണ്ടുവരണമെങ്കിൽ ആര് ഉദ്യമിക്കേണ്ട ദാരുണമായ കാലമാണിത്?

A. മതനേതാക്കൾ B. വിവേകികളായ ചിന്തകർ

C. മതപ്രബോധകർ D. വിവേകികളായ പ്രവാചകർ

38. എല്ലാ മതങ്ങളിലും നല്ലതും പരസ്പരം തുല്ല്യരുമായ ഒരു _____ ഉണ്ട് അത് മനുഷ്യനെ നന്നാക്കുന്നു?

A. സത്യം B. വിവേകം C. സ്നേഹം D. ഹൃദയം

39. ശ്രീനാരായണഗുരു ഇന്നുണ്ടായിരുന്നെങ്കിൽ 'മതമേതായാലും മനുഷ്യനെ _____ മതി എന്നു പറഞ്ഞിരിക്കാനിടയുണ്ട്?

A. ചീത്തയാക്കാതിരുന്നാൽ B. ദുഷിപ്പിക്കാതിരുന്നാൽ

C. നശിപ്പിക്കാതിരുന്നാൽ D. മത്സരിപ്പിക്കാതിരുന്നാൽ

40. ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടിയാണ് ചെറുകഥയെന്ന് അഭിപ്രായപ്പെട്ടത്?

A. ഷെല്ലി B. സോമർസെറ്റ് മോം C. ജോൺസൺ D. റിച്ചാർഡ്സൺ

41. വായനക്കാരന്റെ മനസ്സിൽ ശക്തമായ _____ കഴിയുന്നതായിരിക്കണം ചെറുകഥ?

A. ഒരു തിരസ്ക്കാരമോ വെറുപ്പോ B. ഒരു വികാരമോ ചിന്തയോ

C. ഒരനുഭൂതിയോ ചലനമോ D. ഒരു സ്നേഹമോ നിസ്സഹായതയോ

42. ആധുനിക ചെറുകഥ എന്തുമായി അടുത്തുനിൽക്കുന്നു?

A. ആധുനിക ഗദ്യവുമായി B. നോവലൈറ്റുമായി

C. നോവലുമായി D. ജേണലിസവുമായി

43. ഏതു ശതകത്തിലാണ് ചെറുകഥ ഒരു സാഹിത്യരൂപമായി അരങ്ങേറിയത്?

A. പത്തൊൻപതാം ശതകത്തിൽ B. പതിനെട്ടാം ശതകത്തിൽ

C. ഇരുപതാം ശതകത്തിൽ D. ഇരുപത്തൊന്നാം ശതകത്തിൽ

44. കാല്പനിക പ്രവണതകളിൽ മുങ്ങിക്കുളിച്ചുനിന്ന ചെറുകഥയെ റിയലിസത്തിന്റെ പാതയിലേക്ക് നയിച്ചത് ആരാണ്?

A. ഉംബർട്ടോ എക്കോ B. വില്ല്യംസൺ

C. ഗോഗോൾ D. ഡാനിയൽ ജോൺസൺ

45. 1885-ൽ ബ്രാണ്ടർ മാത്യൂസ് ഏത് പ്രമാണ ലേഖനം പ്രസിദ്ധീകരിച്ചതോടെയാണ് ഒരു പ്രത്യേക സാഹിത്യ പ്രസ്ഥാനമായി ചെറുകഥ അംഗീകരിക്കപ്പെട്ടത്?

A. ചെറുകഥയുടെ ലോകം B. ചെറുകഥയുടെ ദർശനം

C. ചെറുകഥയുടെ നൂറ്റാണ്ട് D. ചെറുകഥ ഇന്നലെ ഇന്ന്

46. ആരെയാണ് മലയാളത്തിലെ ആദ്യ കഥാകാരനായി പരിഗണിച്ചുപോരുന്നത്?

A. ഇ.വി.കൃഷ്ണപ്പിള്ള B. ബഷീർ

C. വേങ്ങയിൽ കുഞ്ഞിരാമൻ നായർ D. മൂർക്കോത്ത് കുമാരൻ

47. വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച നായനാരുടെ കഥയേത്?

A. വാസനാവികൃതി B. ദ്വാരക

C. ഓണക്കാലത്തുകിട്ടിയ സമ്മാനം D. നരിയെക്കൊന്ന വെടി

48. മലയാറ്റൂർ രാമകൃഷ്ണൻ ജനിച്ച വർഷം?

A. 1934 B. 1937 C. 1929 D. 1927

49. സൂചിമുഖി എന്ന കഥയിലെ ഡെപ്യൂട്ടി കലക്ടറുടെ പേര്?

A. രാഘവൻനായർ B. രാമൻനായർ C. മാധവൻനായർ D. ശംഭുനായർ

50. രാമൻനായരുടെ നാട്ടിലെ പ്രധാന വായ്നോക്കിയായ 'ആസാം റിട്ടേൺസ്' ആരായിരുന്നു?

A. സോമശേഖരൻ B. കൊച്ചപ്പൻ C. കുഞ്ഞപ്പൻ D. ശശിധരൻ

51. രാമൻനായർ നാട്ടിലെ ആളാവാൻ സമയമൊത്തുവരും എന്നു പ്രതീക്ഷിച്ചിരിക്കുന്ന സമയത്ത് എന്തിനെക്കുറിച്ചുള്ള ലേഖനമാണ് വാരികയിൽ കണ്ടത്?

A. പക്ഷിനിരീക്ഷണത്തെക്കുറിച്ച് B. വാനനിരീക്ഷണത്തെക്കുറിച്ച്

C. വന്യജീവി നിരീക്ഷണത്തെക്കുറിച്ച് D. മലകയറ്റത്തെക്കുറിച്ച്

52. തന്നെ കടിച്ച നീറിനെ രാമൻനായർ ആരെന്ന പോലെയാണ് ഞെരിച്ചുകൊന്നത്?

A. താൽക്കാലിക ശിപായി B. സ്ഥിരം ശിപായി C. ക്ലാർക്ക് D. സൂപ്രണ്ട്

53. രാമൻനായർ ശബ്ദം കേട്ട് നോക്കിയപ്പോൾ ഭാര്യ ആരെപ്പോലെനിൽക്കുന്നതാണ് കണ്ടത്?

A. യക്ഷി B. ദേവി C. പൂതന D. ഭദ്രകാളി

54. കലിതുള്ളുന്ന ശ്രീമതിനായർ ആരെയാണ് പിടിച്ചുവലിച്ചുകൊണ്ടുപോയത്?

A. രാമൻനായരെ B. പനങ്കൂളനെ C. സൂചിമുഖിയെ D. കമലത്തെ

55. എം.സുകുമാരന്റെ കഥാലോകത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പഠനഗ്രന്ഥം ഏത്?

A. കഥയുടെ നൂറ്റാണ്ട് B. കഥ-കാലം-വ്യക്തി

C. ചെറുകഥ ഇന്നലെ ഇന്ന് D. കഥാസരിത് സാഗരം

56. 1976-ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ എം.സുകുമാരന്റെ ഗ്രന്ഥം ഏത്?

A. മരണം ദുർബലം B. മരിച്ചവരുടെ താഴ്വര

C. മരണശില്പി D. മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ

57. ശില്പിയും കവിയുമായ ഉമാപതി തടവിലായതിന് കാരണമെന്ത്?

A. അനീതിക്കെതിരെ ശബ്ദമുയർത്തിയതുകൊണ്ട്

B. മന്ത്രിക്കെതിരെ ശബ്ദമുയർത്തിയതുകൊണ്ട്

C. രാജാവിന്റെ ദുർഭരണത്തിനെതിരെ ശബ്ദമുയർത്തിയത്കൊണ്ട്

D. സമൂഹ വ്യവസ്ഥിതിക്കെതിരെ ശബ്ദമുയർത്തിയതുകൊണ്ട്

58. ഉമാപതി എന്തിന് തന്നെ തോൽപ്പിക്കാനാവില്ല എന്നാണ് പ്രഖ്യാപിച്ചത്?

A. മരണത്തിന് B. രാജാവിന് C. മന്ത്രിക്ക് D. സൈന്യാധിപന്

59. ഉമാപതിക്കും കുടുംബത്തിനും രാജാവ് നൽകിയ ശിക്ഷ എന്തായിരുന്നു?

A. തൂക്കിലേറ്റുക B. അതിർത്തി കടത്തുക

C. വെള്ളത്തിൽ മുക്കിക്കൊല്ലുക D. കഴുകന്മാർക്ക് ഭക്ഷണമാക്കുക

60. പത്തുദിവസം യാത്രചെയ്ത ഉമാപതി വഴിയിൽ ആരെയാണ് കണ്ടെത്തിയത്?

A. വനവേടനെ B. നപുംസകത്തെ C. അയൽരാജാവിനെ D. പ്രഭുവിനെ

61. വനവേടന് ഉമാപതിയും കുടുംബവും എന്താണ് സമ്മാനിച്ചത്?

A. ആയുധങ്ങൾ B. വേട്ടയാടിയ മൃഗത്തിന്റെ ഇറച്ചി C. തേൻ D. കാട്ടുപഴങ്ങൾ

62. ഇരുപതാമത്തെ പുലരിയിൽ വിശാലമായ ഗോതമ്പുപാടങ്ങളുടെ ഉടമയായ രാജാവിന്റെ പാടത്ത് ആരാണ് പണിയെടുത്തിരുന്നത്?

A. നഗ്നരായ കറുത്ത മനുഷ്യർ B. കർഷകർ

C. കാളകൾ D. കൊയ്ത്തുയന്ത്രവും അടിമകളും

63. തൊലിയിൽ അടിമയുടെ ചിഹ്നം പൊള്ളിച്ചുചേർത്ത് വയലിലേക്ക് ചാടിയത് ആരായിരുന്നു?

A. വേടൻ B. നാണു C. വേണു D. അടിമ

64. ഉമാപതിയുടെ മകളെ തടവിലാക്കിയ പ്രഭുവിന്റെ കാവൽക്കാരൻ ആരായിരുന്നു?

A. നപുംസകം B. ഭടൻ C. വനവേടൻ D. സൈന്യാധിപൻ

65. ഏറെ ദൂരം സഞ്ചരിച്ചതിനുശേഷം മകനെയും മകളെയും നഷ്ടപ്പെട്ടപ്പോൾ ഉമാപതിയുടെ ഭാര്യ ചോദിച്ചതെന്തായിരുന്നു?

A. നമ്മുടെ സ്വപ്നം നഷ്ടപ്പെട്ടോ B. നമ്മുടെ ഹൃദയം നഷ്ടപ്പെട്ടോ

C. നമ്മുടെ അഭിമാനം നഷ്ടപ്പെട്ടോ D. നമ്മുടെ സമ്പത്ത് നഷ്ടപ്പെട്ടോ

66. ഉമാപതി വ്യവസായിയുടെ കൊട്ടാരത്തിൽ ചെന്നപ്പോൾ അയാൾ ഏതുയന്ത്രം പ്രവർത്തിപ്പിക്കാനാവാതെ ബുദ്ധിമുട്ടുകയായിരുന്നു?

A. കൊയ്ത്തുയന്ത്രം B. എണ്ണയാട്ടുയന്ത്രം

C. ജലസേചനയന്ത്രം D. ധാന്യം പൊടിക്കുന്ന യന്ത്രം

67. ഉമാപതി എവിടേക്കാണ് പായ്ക്കപ്പലിൽ യാത്ര ചെയ്തത്?

A. മക്കളുടെ അടുത്തേക്ക് B. അയൽ രാജാവിന്റെ ദരിദ്രരാഷ്ട്രത്തിലേക്ക്

C. ഭാര്യയുടെ അടുത്തേക്ക് D. അയൽരാജാവിന്റെ ക്ഷേമരാഷ്ട്രത്തിലേക്ക്

68. ക്ഷേമരാജ്യത്തിലെ രാജാവ് വരച്ച ചിത്രം കണ്ടപ്പോൾ ഉമാപതിയുടെ ഹൃദയത്തിൽ എന്തു സംഭവിച്ചു?

A. കരിം പുക പരന്നു B. ആശ്വാസംതോന്നി

C. നന്മ തോന്നി D. സൗരഭ്യം പരന്നു

69. മാനസിയുടെ കഥകളെ അവലംബമാക്കി പുറത്തിറങ്ങിയ സിനിമ ഏതാണ്?

A. പുനരധിവാസം B. വേനൽക്കാലം

C. മംഗലം വീട്ടിൽ മാനസേശ്വരി ഗുപ്ത D. ചില്ല്

70. നീലിമയുടെ ഹോട്ടൽമുറിയിലേക്ക് കയറിവന്ന ബാലു സ്വയം പരിചയപ്പെടുത്തിയപ്പോൾ നൽകിയ വിശേഷണം എന്തായിരുന്നു?

A. ഈസ്റ്റിൽനിന്നുള്ള ഡെലിഗേഷൻ B. സൗത്തിൽനിന്നുള്ള ഡെലിഗേഷൻ

C. നോർത്തിൽനിന്നുള്ള ഡെലിഗേഷൻ D. വെസ്റ്റിൽനിന്നുള്ള ഡെലിഗേഷൻ

71. ബാലുവിന്റെ മുഖം നീലിമ കാണുമ്പോൾ എന്തുപോലെ മൂർച്ചയേറിയതായിരുന്നു?

A. വാളുപോലെ B. കത്തിപോലെ C. അസ്ത്രം പോലെ D. ചന്ദ്രഹാസംപോലെ

72. പന്ത്രണ്ടുമണിക്ക് പോകണമെന്ന് പറഞ്ഞ നീലിമയോട് 'സമയമല്ല പ്രധാനം നമുക്കൊക്കെ പോകേണ്ടിവരുന്നു എന്നുള്ളതാണ്' എന്ന് പറഞ്ഞതാര്?

A. അരുൺകുമാർ B. ബാലു C. സ്റ്റേഷൻമാസ്റ്റർ D. റൂംബോയ്

73. ജയമോഹൻ ജനിച്ച വർഷം ഏത്?

A. 1962 B. 1952 C. 1974 D. 1950

74. ജയമോഹന്റെ ആദ്യ നോവൽ ഏതാണ്?

A. ആരോഗ്യ നികേതനം B. നൂറുസിംഹാസനങ്ങൾ C. ഏഴുചുവട് D. റബർ

75. ധർമ്മപാലന്റെ അമ്മ ഏത് ആശുപത്രിയിലാണ് ആരും ശ്രദ്ധിക്കാതെ കിടന്നിരുന്നത്?

A. വയലാറ് B. മീനാറ് C. കോട്ടാറ് D. നെയ്യാറ്

76. പട്ടിണി കിടന്ന് പഠിച്ച് ഡോക്ടറായ എനിക്ക് നാട്ടിൽ തോട്ടിഡോക്ടർ എന്നാണ് പേര് എന്ന് പറഞ്ഞതാര്?

A. ഡോ.മാണിക്യം B. ഡോ.സുബ്ബയ്യ C. ഡോ.മാലതി D. ഡോ.മുത്തയ്യ

77. കൊലപാതകകേസ്സിലായാലും ഒരു നായാടിയെ എങ്ങനെ കാണണമെന്നാണ് ധർമ്മപാലൻ പറഞ്ഞത്?

A. അപരാധിയായി B. നിരപരാധിയായി C. കുറ്റവാളിയായി D. ക്രിമിനലായി

78. അംബേദ്ക്കർക്ക് കിട്ടിയതുപോലെ വലിയൊരു മനുഷ്യന്റെ സഹായം കിട്ടിയതുകൊണ്ടാണ് സിവിൽ സർവ്വീസ് എഴുതാനിടയായതെന്നു പറഞ്ഞതാര്?

A. ധർമ്മപാലൻ B. മാണിക്യം C. മാലതി D. രാമൻ

79. ശ്രീനാരായണഗുരുവിന്റെ ഏതു ശിഷ്യനാണ് ധർമ്മപാലനെ പഠിപ്പിച്ചത്?

A. കെ.സി.കറുപ്പൻ B. പൽപ്പു C. കുമാരനാശാൻ D. പ്രജാനന്ദൻ

80. തമിഴ്നാട്ടിൽ ധർമ്മപാലന് കലക്റ്ററായി നിയമനം കിട്ടിയപ്പോൾ എങ്ങനെയുള്ള കസേരയാണ് നീക്കം ചെയ്തത്?

A. സിംഹാസനം B. ചൂരൽക്കസേര C. തടിക്കസേര D. ഇരുമ്പുകസേര

81. ഐ.എ.എസ് ഓഫീസറെ പരിചയപ്പെടാൻവന്ന ഓരോരുത്തരുടെയും കണ്ണിൽ ഏത് വാക്കാണ് ഉണ്ടായിരുന്നത്?

A. നീ ചെറുതാണ് B. നീ വലുതാണ് C. നീ അതാണ് D. നീ ഇതാണ്

82. പ്രജാനന്ദസ്വാമിയുടെ ആശ്രമത്തിനു പുറത്ത് അമ്മ നിലവിളിച്ചു കൊണ്ടരുന്നത് എന്തിനുവേണ്ടിയായിരുന്നു.

A. മകനെ കിട്ടാൻ B. മകളെ കിട്ടാൻ C. ഭർത്താവിനെ കിട്ടാൻ D. പണം കിട്ടാൻ

83. കോഴിക്കോട്ട് കടപ്പുറത്ത് കോളറ പരന്നപ്പോൾ സേവനം അനുഷ്ഠിക്കാൻ ചെന്ന് കോളറ വന്നു മരിച്ചത് ആരായിരുന്നു?

A. പ്രജാനന്ദൻ B. ബോധാനന്ദൻ C. അശ്വാനന്ദൻ D. രൂപാനന്ദൻ

84. ധർമ്മപാലൻ ഇന്റർവ്യൂവിനു ചെല്ലുന്ന ദിവസം തിരുവനന്തപുരത്ത് സമാധിയായത് ആര്?

A. പ്രജാനന്ദസ്വാമി B. ബോധാനന്ദസ്വാമി C. ദയാനന്ദസ്വാമി D. രൂപാനന്ദസ്വാമി

85. പാടാൻ കവല കടന്നുപോകുമ്പോൾ എൻ.പ്രഭാകരൻ, പണ്ട് ആര് നടന്നുപോയ വഴിയാണിതെന്നാണ് മനസ്സിലോർത്തത്?

A. ദൈവം B. ചെകുത്താൻ C. മലവേടൻ D. വേട്ടക്കാരൻ

86. മാങ്ങാട്ടുകാരനായ ആരായിരുന്നു കളിപ്രായത്തിൽ അച്ഛനോട് പിണങ്ങി കുടകിലേക്കു പോയ ദൈവം?

A. അയ്യപ്പൻ B. ചന്തപ്പൻ C. സിങ്കപ്പൻ D. മന്ദപ്പൻ

87. മാങ്ങാട്ടുനിന്ന് പുറപ്പെട്ട് തോറ്റത്തിൽ പറയുന്ന വഴിയിലൂടെ കുടകിലേക്ക് പോയ കാര്യം കതിവന്നൂർ വീരൻ കെട്ടിയാടിയ ഏതു നർത്തകരത്നത്തോടാണ് എൻ.പ്രഭാകരൻ പറഞ്ഞത്?

A. കണ്ണപ്പെരുവണ്ണാനോട് B. കൃഷ്ണപ്പെരുവണ്ണാനോട്

C. പ്രഭാകരപ്പെരുവണ്ണാനോട് D. ഉണ്ണിപ്പെരുവണ്ണാനോട്

88. കാഞ്ഞിരക്കൊല്ലിയിലെ ഗോത്രവർഗ്ഗക്കാർ ആരായിരുന്നു?

A. മാവിലർ B. കുറുമ്പർ C. കരിമ്പാലന്മാർ D. മുള്ളുക്കുറുമർ

89. കുടകിലേക്ക് പുറപ്പെട്ട യാത്രാസംഘത്തിൽ ദാമു, ഉണ്ണി, എൻ.പ്രഭാകരൻ, ബേബി എന്നിവരോടൊപ്പം ഉണ്ടായിരുന്ന സുഹൃത്ത് ആര്?

A. ബെക്കളം ദാമോദരൻ B. ചോലക്കുളം ദാമോദരൻ

C. അടിമാലി പ്രശോഭ് D. വത്സൻ രാമംകുളത്ത്

90. എന്തിനുവേണ്ടിയാണ് ധർമ്മപാലൻ പ്രജാനന്ദ സ്വാമിയുടെ ആശ്രമത്തിലെത്തിച്ചേർന്നത്?

A. വെള്ളത്തിന് B. ഭക്ഷണത്തിന് C. പഠനത്തിന് D. ആത്മീയതക്ക്

91. ധർമ്മപാലന്റെ അമ്മ 'പാണ്ടൻനായ' എന്നു വിളിച്ചു പരിഹസിച്ചിരുന്നത് ആരെയായിരുന്നു?

A. പ്രേമിനെ B. അരുണാചലത്തെ C. സുധയെ D. കാപ്പനെ

92. സന്യാസിയുടെ വേഷത്തിൽ ഹാലേരിയിൽവന്ന് താമസമുറപ്പിച്ച് നാട്ടുപ്രമാണിമാരെ കൂട്ടക്കൊല ചെയ്ത രാജാവ് ആര്?

A. ലിംഗരാജ ഒന്നാമൻ B. ലിംഗരാജ രണ്ടാമൻ

C. ഗൗരമ്മ D. ദൊഡ്ഡവീരരാജേന്ദ്ര

93. ഡാരിയൻ നഗരവും മർക്കാറയുമായുള്ള ബന്ധത്തിന്റെ 50-ാം വാർഷികം മർക്കാറയിൽ ആഘോഷിച്ച വർഷം?

A. 2004 B. 2014 C. 1994 D. 1974

94. കുടക് രാജകുമാരിയായ ഗൗരമ്മ എന്തുരോഗം ബാധിച്ചാണ് മരിച്ചത്?

A. പനി B. ക്ഷയം C. വസൂരി D. തൊണ്ടമുള്ള്

95. ലിംഗരാജരണ്ടാമൻ മരിച്ച വർഷം?

A. 1920 B. 1720 C. 1820 D. 1860

96. ബ്രിട്ടീഷുകാരുടെ മുൻപിൽ ഭ്രാന്തനായി അഭിനയിച്ച കുടക് രാജാവ്?

A. ലിംഗരാജൻ രണ്ടാമൻ B. ലിംഗരാജ ഒന്നാമൻ

C. മഹാസ്വാമി D. വീരരാജേന്ദ്ര

97. വീരരാജേന്ദ്ര മരിച്ച വർഷം?

A. 1810 B. 1809 C. 1811 D. 1712

98. കുടകിന്റെ പശ്ചാത്തലത്തിൽ കനകവിഗ്രഹം എന്ന നോവലെഴുതിയതാര്?

A. എം.വത്സൻ ചോല B. ഏറ്റുമാനൂർ ശിവകുമാർ

C. എം.രാജ D. വിവേക് കുന്നംകുളം

99. കുടകരുടെ വിശ്വാസപ്രകാരം പുത്തരി ഉത്സവത്തിന്റെ മുന്നോടിയായി എത്തുന്ന പക്ഷി ഏതാണ്?

A. വണ്ണാത്തിക്കിളി B. ചകോരം C. വാലാട്ടിച്ചെമ്പ D. മൈന

100. അരവിന്ദയും തുളസിദേവിയും നടത്തിയിരുന്ന കുടകിലെ റിസർച്ച്സെന്റർ ഏതായിരുന്നു?

A. മാനസ B. പൗരാണിക C. ശിലായുഗ D. ആത്മീയ

Answer Key

1.	A	2.	C	3.	B	4.	A	5.	C
6.	A	7.	B	8.	C	9.	D	10.	B
11.	A	12.	C	13.	D	14.	B	15.	A
16.	D	17.	C	18.	B	19.	A	20.	D
21.	C	22.	B	23.	A	24.	A	25.	D
26.	C	27.	B	28.	A	29.	C	30.	D
31.	A	32.	B	33.	C	34.	D	35.	B
36.	A	37.	B	38.	D	39.	A	40.	B
41.	C	42.	D	43.	A	44.	C	45.	B
46.	C	47.	A	48.	D	49.	B	50.	C
51.	A	52.	A	53.	D	54.	A	55.	B
56.	D	57.	C	58.	A	59.	B	60.	A
61.	D	62.	A	63.	C	64.	A	65.	B
66.	A	67.	D	68.	A	69.	A	70.	C
71.	A	72.	B	73.	A	74.	D	75.	C
76.	A	77.	B	78.	A	79.	D	80.	A
81.	C	82.	A	83.	B	84.	A	85.	A
86.	D	87.	A	88.	B	89.	A	90.	B
91.	C	92.	D	93.	A	94.	B	95.	C
96.	D	97.	B	98.	A	99.	C	100.	D